85 (665) കടൽക്ഷോഭത്തിൽപ്പെട്ട് തകർന്ന ഗണപതി വള്ളത്തിന്റെ ഉടമകൾക്ക് നഷ്ടപരിഹാരം

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിൽ കടൽക്ഷോഭത്തിൽപ്പെട്ട് തകർന്ന ഗണപതി വള്ളത്തിന്റെ ഉടമകൾക്ക് കൂടുതൽ നഷ്ടപരിഹാരം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) ഇവർക്കു നഷ്ടപരിഹാരം എപ്പോൾ നൽകാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) കടൽക്ഷോഭത്തിൽപ്പെട്ട് 6.7.1998-ന് ഗണപതി എന്ന വള്ളത്തിന് കേടുപാടുകൾ സംഭവിക്കുകയും വള്ളത്തിലുണ്ടായിരുന്ന 13 പേർക്ക് പരിക്ക് പറ്റുകയും ചെയ്തിരുന്നു. പരിക്ക് പറ്റിയവർക്ക് 1,000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ടായിരുന്നു. 13. പേരുടെ 11 കുടുംബങ്ങൾക്ക് ഓരോന്നിനും 4,000/- രൂപ വീതം 44,000/- രൂപയുടെ ധനസഹായം നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

86 (666) പത്തനംതിട്ടയിലെ 1999-2000-ാമാണ്ടിലെ ദുരിതാശ്വാസ പ്രവർത്തനം

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി 1999-2000-ാം ആണ്ടിൽ പത്തനതിട്ട ജില്ലയിൽ ഏതെല്ലാം പ്രവൃത്തികളാണ് നിർദ്ദേശിച്ചിരിക്കുന്നത് എന്ന് കാണിക്കുന്ന വിശദമായ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളത്; ആരംഭിക്കാത്ത പ്രവൃത്തികളുണ്ടെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഫ്ളഡ് റിലീഫിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരാതിരിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ;

(ഡി) പണി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(ഇ) പത്തനംതിട്ട ജില്ലയിലെ പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിലെ മഹാലക്ഷ്മിനട റോഡ് ഉയർത്താൻ നിർദ്ദേശമുണ്ടായിരുന്നോ;

(എഫ്) എങ്കിൽ പ്രസ്തുത വർക്കിന്റെ ഉപഭോക്തൃ കമ്മിറ്റി കൺവീനർ ആരാണ്; ഈ പ്രവൃത്തിയെപ്പറ്റിയും ഉപഭോക്തൃ കമ്മിറ്റി കൺവീനറെയും സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമന്റിന് ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ പരാതിയെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻപ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly